പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2757 12.03.2018 ൽ മറുപടിയ്ക്ക്

## വൻകിട കമ്പനികളിൽ നിന്നും ഭൂമി ഏറ്റെടുക്കുന്നതിന് നിയമനിർമ്മാണം

**ചോദ്യം**

**ശ്രീ.അടൂർ പ്രകാശ്**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

| | | |
|---|---|---|
| (എ) | ഇംഗ്ലീഷ് കമ്പനികൾ കൈവശം വച്ചിരുന്നതും മറ്റ് പലർക്കും കൈമാറ്റം ചെയ്തതുമായ ഭൂമി തിരികെ ഏടുക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് 30.12.2015 ലെ സ.ഉ. (എം.എസ്.) 703/2015/ആർ.ഡി. ഉത്തരവ് പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) 30.12.2015 ലെ GO(Ms)-703/2015/RD നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സ്വാതന്ത്ര്യത്തിന് മുമ്പ് ഇംഗ്ലീഷ് കമ്പനികൾ കൈവശം വച്ചിരുന്ന മുഴുവൻ സർക്കാർ ഭൂമിയും പരിശോധിച്ച് നിലവിലെ കൈവശക്കാർക്ക് നിയമാനുസൃതം സർക്കാരിൽ നിന്നും ഉടമസ്ഥാവകാശം ലഭിച്ചിട്ടില്ലെങ്കിൽ, അത്തരം ഭൂമികൾ സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിന് വേണ്ടി സ്പെഷ്യൽ ഓഫീസറെ നിയോഗിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ഭൂമികൾ ഉൾപ്പെടുന്ന വൻകിട തോട്ടങ്ങളുടെ വിവരം ജില്ലകളിൽ നിന്നും ശേഖരിച്ച് ബന്ധപ്പെട്ട കമ്പനികൾക്ക് നോട്ടീസ് നൽകി കെ.എൽ.സി നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) യും (സി)യും ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ടി GO(Ms)-703/2015/RD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നടപടി സ്വീകരിച്ച് ഇടുക്കി ജില്ലയിൽ ഏലപ്പാറ, പീരുമേട്, പെരിയാർ എന്നീ വില്ലേജുകളിലായി ആർ.ബി.റ്റി(എം.എം.എസ്), (സി.ബി.എസ്) കമ്പനികളുടെ പേരിലുള്ള 6217.25 ഏക്കർ സ്ഥലം സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിനെതിരെ ടി കമ്പനികൾ ബഹു. ഹൈക്കോടതിയിൽ കേസ്സ് ഫയൽ ചെയ്യുകയും, ആയത് ബഹു: ഹൈക്കോടതിയുടെ പരിഗണനയിലുമാണ്. ഇതു കൂടാതെ 62 കമ്പനികൾക്ക് പരിശോധനക്കായുള്ള പ്രാഥമിക നോട്ടീസ് നൽകിയിട്ടുള്ളതാണ്. ഇതിൽ 1,43,814.48 ഏക്കർ ഭൂമിയാണ് ഉൾപ്പെട്ടു വരുന്നത്. 9 കമ്പനികൾക്ക് കെ.എൽ.സി നിയമം സെക്ഷൻ 12 പ്രകാരമുള്ള ഫോറം ബി നോട്ടീസ് നൽകിയിട്ടുമുണ്ട്. ഇതിലെല്ലാം തന്നെ പരിശോധനകൾ നടത്തി ഉചിതമായ കേസ്സുകളിൽ നിയമപരമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഏതെങ്കിലും വൻകിട കമ്പനികളിൽ നിന്നും ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വിശദമാക്കാമോ; | |

| | | |
|---|---|---|
| (ഡി) | വൻകിട കമ്പനികൾ കൈവശം വച്ചിരിക്കുന്ന ഭൂമി തിരികെ എടുക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്നതിൽ കാലതാമസം ഉണ്ടാകുന്നത്എന്തുകൊണ്ടെന്ന് അറിയിക്കുമോ; നിയമനിർമ്മാണം നടത്തുന്നതിനായി കരട് ബിൽ തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പിനെ ചുമതലപ്പെടുത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ഡി) വൻകിട കമ്പനികൾ കൈവശം വച്ചിരിക്കുന്ന ഭൂമി തിരികെ എടുക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്നതിന് കരട് ബിൽ തയ്യാറാക്കി ആയതിന്മേൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ലഭ്യമാക്കുന്നതിനായി അയച്ചിട്ടുണ്ട്. ഈ വിഷയം കൈകാര്യം ചെയ്യുന്നത് റവന്യൂ വകുപ്പിലായതിനാൽ ടി വകുപ്പിൽത്തന്നെയാണ് കരട് ബിൽ തയ്യാറാക്കിയിരിക്കുന്നത് |
| (ഇ) | കരട് ബിൽ തയ്യാറാക്കുന്നതിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ കാലാവധി എത്രയാണെന്നും ആയത് അടിയന്തരമായി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുമോയെന്നും വ്യക്തമാക്കുമോ; | (ഇ) ഇല്ല |
| (എഫ്) | ഈ വിഷയം വിശദമായി പഠിക്കുന്നതിന് ഏതെങ്കിലും ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എഫ്) ഇല്ല |
| (ജി) | ഈ സർക്കാർ നാളിതുവരെ ഇക്കാര്യങ്ങൾക്കായി എത്രരൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ? | (ജി) ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ